LIBRARY ARCHIVES Kerala Legislative Assembly.

സഹകരണ മേഖലയെ ശക്തിപ്പെടുത്തൽ

146 (513) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ ;

(ബി) പ്രവാസി നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി സഹകരണ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നിർഭാഗ്യത്തിനു നിയമംമൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ എത്തുന്ന പ്രവാസികളുടെ പുനരുദ്ധാരണത്തിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളിലെ വായ്പ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പക്കാർക്ക് കുടിശ്ശിക ഇളവ് നൽകുന്നതിനുമായി കുടിശ്ശിക നിവാരണ പദ്ധതിയായ 'ആശ്വാസ്' നടപ്പിലാക്കി. നിക്ഷേപ രംഗത്ത് ഉണർവുണ്ടാക്കുന്നതിനുള്ള നിക്ഷേപ സമാഹരണ പദ്ധതി, നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിക്ഷേപ ഗ്യാരന്റി സ്കീം, കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി, കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ, ടൂറിസം രംഗത്ത് അപ്പക്സ് സ്ഥാപനം രജിസ്റ്റർ ചെയ്തത്, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂട്ടുതൽ വികസന പദ്ധതികൾ, സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർക്കുള്ള ധനസഹായ പദ്ധതികളുടെ പരിഷ്കരണം, വിവിധ മേഖലകളിൽ പഠന സമിതികളെ നിയമിക്കൽ, റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരണം, എന്റെ സംഘം, ഉണർവ് ക്യാമ്പയിനുകൾ, സഹകരണ നിയമ ഭേദഗതി, വകുപ്പിന്റെ ആസ്ഥാന മന്ദിരം നിർമ്മാണം, 7-ാം സഹകരണ കോൺഗ്രസ്/എക്സ്പോ എന്നിവ സംഘടിപ്പിച്ചത്, ബ്ലോക്കടിസ്ഥാനത്തിൽ കാർഷിക സേവന കേന്ദ്രങ്ങൾ ആരംഭിച്ചത്, സഹകാരികളുമായി ആശയവിനിമയം നടത്തുന്നതിനുള്ള മുഖാമുഖം പരിപാടി, ആഡിറ്റ് കാലാനുസൃതമാക്കിയത്, സഹകരണ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ, സഹകരണ സ്ഥാപനങ്ങൾ മുഖേന അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയായ ആലില, ജൈവ പച്ചക്കറി കൃഷി ലക്ഷ്യമാക്കിക്കൊണ്ടുള്ള സുവർണ്ണകേരളം പദ്ധതി, സഹകരണ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണികൾ നിർമ്മാണം എന്നിവ ഇവയിൽ ഉൾപ്പെടുന്നു.

കോർ ബാങ്കിംഗ് സൊലൂഷൻ, നെറ്റ് വർക്ക് ബാങ്കിംഗ്, എ.ടി.എം. മുതലായ ദേശസാത്കൃത ബാങ്കുകളിലുള്ള സൗകര്യങ്ങൾ സഹകരണ മേഖലയിലും നടപ്പിലാക്കിവരുന്നു. 2015 ആഗസ്റ്റിൽ മൂന്നാറിൽ സംഘടിപ്പിച്ച ശില്പശാലയിൽ (Kerala Co-operative vision 2025) ഉരുത്തിരിഞ്ഞ ആശയങ്ങളെ അടിസ്ഥാനമാക്കി സഹകരണ മേഖല 10 വർഷങ്ങൾക്ക് ശേഷം നേരിടാൻ സാദ്ധ്യതയുള്ള വെല്ലുവിളികളെ നേരിടുന്നതിനും സഹകരണ മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ചുവരുന്നു. കൂടാതെ സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനനുസൃതമായി കേരള സഹകരണ നിയമത്തിലും ചട്ടത്തിലും വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് പഠനം നടത്തി ശിപാർശ സമർപ്പിക്കുന്നതിന് ശ്രീ. കെ. ശിവദാസൻ നായർ എം.എൽ.എ. അദ്ധ്യക്ഷനായി 17 പ്രമുഖ സഹകാരികൾ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

(ബി) പ്രവാസികളുടെ നിക്ഷേപം സ്വീകരിക്കുന്നതിന് സഹകരണ ബാങ്കുകൾ റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. റിസർവ് ബാങ്കിന്റെ നിർദ്ദേശം പാലിച്ചിട്ടുള്ള നാല് ജില്ലാ ബാങ്കുകൾക്ക് NRI നിക്ഷേപങ്ങൾ ആരംഭിക്കുന്നതിന് റിസർവ് ബാങ്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടുതൽ ബാങ്കുകൾക്ക് NRI നിക്ഷേപം സ്വീകരിക്കുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇത്തരം പദ്ധതികൾ സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം

147 (514) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സഹകരണ മേഖലയിൽ സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly